# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത** | **24.02.2016-ൽ** |
| **ചോദ്യം നമ്പർ 3265** | **മറുപടിക്ക്** |

## പോലീസ് ഉദ്യോഗസ്ഥരുടെ സ്വഭാവസവിശേഷതകൾ

| ചോദ്യം<br><br>ശ്രീ. സാജൂ പോൾ | മറുപടി<br><br>രമേശ് ചെന്നിത്തല<br><br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) പോലീസ് ഉദ്യോഗസ്ഥരുടെ സ്വഭാവ സവിശേഷതകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ക്രിമിനൽ കേസിൽ പ്രതികളായ എത്ര പോലീസുകാരുണ്ടെന്ന് തസ്തിക സഹിതം വ്യക്തമാക്കാമോ; | എ) പോലീസ് ഉദ്യോഗസ്ഥരുടെ സ്വഭാവവും പ്രവർത്തനവും ജോലിയോടുള്ള പ്രതിബദ്ധതയും നിരീക്ഷിച്ച് വിലയിരുത്താറുണ്ട്. ക്രിമിനൽ കേസിൽ പ്രതികളായ 836 പോലീസ് ഉദ്യോഗസ്ഥരുണ്ട്. തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. |

| DIG | SP | DySP/ AC | CI/ R/ API | SI/ RSI/ APSI/ SI(G) | ASI/ RASI/ APASI/ ASI(G) | SCPO/ WSCPO/ SCPO(G) | CPO/ WCPO | TOTAL |
|---|---|---|---|---|---|---|---|---|
| 1 | 1 | 7 | 6 | 75 | 63 | 201 | 482 | 836 |

| | |
|---|---|
| ബി) പോലീസ് ഉദ്യോഗസ്ഥർ പൊതുസ്ഥലങ്ങളിൽ അച്ചടക്കം പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുജനങ്ങളുമായി ബന്ധപ്പെടുമ്പോൾ അച്ചടക്കത്തോടെയും മാന്യമായും പെരുമാറാൻ കർശന നിർദ്ദേശം നൽകുമോ? | ബി) പോലീസ് ഉദ്യോഗസ്ഥർ പൊതു സ്ഥലങ്ങളിൽ അച്ചടക്കം പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുജനങ്ങളുമായി ബന്ധപ്പെടുമ്പോൾ അച്ചടക്കത്തോടെയും മാന്യമായും പെരുമാറാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ചുവരുന്നതുമാണ്. വാഹനങ്ങളുടെ പരിശോധന നടത്തുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട കർത്തവ്യങ്ങളെ കുറിച്ചും പെരുമാറ്റ രീതിയെ കുറിച്ചും സംസ്ഥാന പോലീസ് മേധാവി 02.06.2015-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 07/2015 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**